# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 85 1/12/2014 ൽ മറുപടിയ്ക്ക്

## കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ്, റബ്ബർ വിലയിടിവ്, കേരളത്തിലെ റെയിൽവേ വികസനം എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം ആവശ്യങ്ങളാണ് പുതിയ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി രണ്ട് വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാനസർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>1. റബ്ബറിന്റെ ഇറക്കുമതി തടയുക.<br>2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.<br>3. റബ്ബർ ഷീറ്റിന്റേയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.<br>4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതു പോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.<br>5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.<br>6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.<br>7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ |

കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ 30.05.2014 ലെ ബഹു. മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തു പ്രകാരം ബഹു: ഇൻഡ്യൻ പ്രധാനമന്ത്രിക്കും, മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു. തുടർന്ന് 09.07.2014 ന് അവതരിപ്പിക്കപ്പെടുന്ന റയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു: എം.പി മാരോടും റയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും തുടർന്ന് 2015-16 ലെ സമ്പൂർണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾ കൂടി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഷയങ്ങളിൽ എന്തെങ്കിലും അനുകൂല തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടോ; | (ബി) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകിയും അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ് എന്ന് 13/11/2014 ലെ കത്തിൽ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | പുതിയ കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ